(ബി) അടുത്ത അദ്ധ്യയന വർഷം ഏതൊക്കെ ക്ലാസ്സുകളിലെ പാഠ്യപദ്ധതികളിലാണ് സ്പോർട്സ് പാഠഭാഗമായി ചേർക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് സ്കൂളുകൾ വഴി യുവജനങ്ങൾക്ക് കായിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് പുതുതായി എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലേക്കുള്ള പാഠ്യപദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. 5-1-2009-ൽ കൂടിയ 21-മത് കരിക്കുലം കമ്മിറ്റി സിലബസിന് അംഗീകാരം നൽകുകയുണ്ടായി. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്കായി അദ്ധ്യാപക സഹായി ദൃശ്യവൽക്കരിച്ച് സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. 2011 ജനുവരി മാസം 25-ന് ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം സംസ്ഥാന/ജില്ലാതലങ്ങളിൽ നടന്നു കഴിഞ്ഞു. കായികക്ഷമത കുറഞ്ഞ വിദ്യാർത്ഥികൾക്ക് വ്യക്തിപരമായി പ്രത്യേക പരിഗണനയും പരിശീലനവും നൽകി കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുക വഴി കുട്ടികളിലെ കായികക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. കായികക്ഷമതയിൽ മികവ് തെളിയിച്ച കുട്ടികൾക്ക് നൽകുന്ന അവാർഡ് 'മെഡൽ' സർട്ടിഫിക്കറ്റുകൾ കായികക്ഷമത പുലർത്താത്ത മറ്റ് കുട്ടികൾക്ക് പ്രചോദനമാകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) കായികക്ഷമത കുറഞ്ഞ വിദ്യാർത്ഥികൾക്ക് വ്യക്തിപരമായി പ്രത്യേക പരിഗണനയും പരിശീലനവും നൽകി കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. കായികരംഗത്ത് മികവ് കാട്ടുന്ന സ്കൂളുകൾക്ക് മാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ ഫണ്ടിൽ നിന്നും പ്രത്യേക സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാനത്ത് കായികരംഗത്ത് മികവ് കാട്ടിയ 100 സർക്കാർ ഹൈസ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി

21(710) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് :

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കായിക അദ്ധ്യാപകരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ എത്ര ഒഴിവുകളാണുള്ളത് ;

(ഡി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 11-11-2009-ലെ സ.ഉ. (എംഎസ്.) 217/09/പൊ.വി.വ. പ്രകാരം ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് ഒന്നാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികളെയാണ് ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ സിലബസിന് കരിക്കുലം കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്കായി അദ്ധ്യാപക സഹായി ദൃശ്യവൽക്കരിച്ച് സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. 2011 ജനുവരി മാസം 25-ന് ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം സംസ്ഥാന/ജില്ലാതലങ്ങളിൽ നടന്നു കഴിഞ്ഞു. കായികക്ഷമത കുറഞ്ഞ വിദ്യാർത്ഥികൾക്ക് വ്യക്തിപരമായി പ്രത്യേക പരിഗണനയും പരിശീലനവും നൽകി കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുക വഴി കുട്ടികളിലെ കായികക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. കായികക്ഷമതയിൽ മികവ് തെളിയിച്ച കുട്ടികൾക്ക് നൽകുന്ന അവാർഡ്, മെഡൽ, സർട്ടിഫിക്കറ്റുകൾ കായികക്ഷമത പുലർത്താത്ത മറ്റ് കുട്ടികൾക്ക് സ്വന്തം മികവു വർദ്ധിപ്പിക്കാൻ പ്രചോദനമേകുന്നതാണ്.

(ബി) 11-11-2009-ലെ സ.ഉ. (എംഎസ്.) 217/09/പൊ.വി. ഉത്തരവ് പ്രകാരം കായികാദ്ധ്യാപകരുടെ സേവനം ഒന്നിലധികം സ്കൂളുകളിൽ ലഭ്യമാകത്തക്കവിധം സ്കൂളുകളെ ക്ലബ്ബു ചെയ്യുന്നതിനുള്ള സാദ്ധ്യത ആരായുന്നതാണ്.

(സി&ഡി) വിവരം ശേഖരിച്ചു വരുന്നു.

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

22(711) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഓരോ ഇനത്തിനും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly